
## കെ.ടിയുടെ പ്രസ്ഥാന യാത്രകൾ - 13



കെ.ടി അബ്ദുർറഹീം

സദ്റുദ്ദീൻ വാഴക്കാട്

# ദീനും രാഷ്ട്രീയവും സുൽത്താൻ ഖാസിമിയുടെ നിലപാട്

**തർബിയ്യത്തീ വശമാണ് ഇഖ്വാനിൽനിന്ന് നാം ഏറെ പഠിക്കേണ്ടത്. ഇസ്‌ലാമിനു വേണ്ടി എന്തും ത്യജിക്കാനും സഹിക്കാനുമുള്ള ത്യാഗസന്നദ്ധത ഇഖ്വാൻ പ്രവർത്തകരുടെ പ്രത്യേകത യാണ്. സാമ്പത്തിക പ്രയാസങ്ങളെയും ശാരീരിക പീഡനങ്ങളെയും അവർ ക്ഷമാപൂർവം മറികടക്കും. നല്ല സംസ്കരണമാണ് പ്രവർത്തകർക്ക് ഇഖ്വാൻ നൽകിക്കൊണ്ടിരുന്നത്. സമ്പന്നരായ ഇഖ്വാൻ പ്രവർത്തകരെ ഞാൻ കണ്ടിട്ടുണ്ട്. സമ്പന്നതയുടെ മോടി കാണിക്കാത്ത ലളിത ജീവിതമായിരുന്നു അവർ നയിച്ചിരുന്നത്. ജമാഅത്ത് പ്രവർത്തകർക്ക് ഇതിൽ വലിയ മാതൃകയുണ്ട്.**

**1990** മുതൽ 1992 വരെ ഞാൻ മലപ്പുറം മേഖലാ നാസിമായി പ്രവർത്തിച്ചു. മലപ്പുറം കൂടുതൽ പ്രവർത്തകരും ഹൽഖകളുമുള്ള വലിയ ജില്ലയായതിനാലാണ് 'മേഖല' യായി നിശ്ചയിച്ചത്. എനിക്ക് മുമ്പ് വി. മൂസമൗലവിയായിരുന്നു മേഖലാ നാസിം. മലപ്പുറം കോട്ടപ്പടി മസ്ജിദുൽ ഫത്ഹിലെ ഖുത്ബ നിർവഹിച്ചിരുന്നതും മേഖലാ നാസിം ആയിരുന്നു. അതുകൊണ്ട് മസ്ജിദുൽ ഫത്ഹിലെ ഖുത്ബയും ഞാൻ ഏറ്റെടുക്കേണ്ടിവന്നു.

### പുതിയ പ്രവർത്തന രീതി

മേഖലാ നാസിമായിരിക്കുമ്പോൾ പ്രധാനമായും ശ്രമിച്ചത് പ്രവർത്തനങ്ങൾക്ക് പുതിയ ചില രീതികൾ ആവിഷ്കരിക്കാനാണ്. കുടുംബയോഗം, ഗൃഹയോഗം, വ്യക്തിബന്ധങ്ങൾ, പ്രബോധന-പുസ്തക-തബ്‌ലീഗ് സ്ക്വാഡുകൾ തുടങ്ങിയ പരിപാടികൾ ആവിഷ്കരിച്ച് പ്രവർത്തനങ്ങൾ സജീവമാക്കാൻ ശ്രമിക്കുകയും വലിയൊരളവിൽ വിജയം കാണുകയും ചെയ്തു.

ഒരു ജമാഅത്ത് പ്രവർത്തകന് നാലുപേരുമായി നിരന്തര വ്യക്തിബന്ധം ഉണ്ടാകണം; നാലുപേരുമായി ബന്ധം സ്ഥാപിക്കുന്നതിന് മുമ്പ് നാൽപതുപേരുമായെങ്കിലും ബന്ധം സ്ഥാപിക്കണം. അവരിൽനിന്നാണ് നാലുപേരെ തെരഞ്ഞെടുക്കേണ്ടത്. നാലുവർഷം അതായത് ഒരു മീഖാത്ത് തീരുന്നതുവരെ സജീവമായി ബന്ധം നിലനിർത്തണം. അവർ ജമാഅത്തിനോട് അടുക്കുമോ ഇല്ലേയെന്ന് ഈ നാലുവർഷം കൊണ്ട് ഏറക്കുറെ പറയാനാകും. പത്ത് അംഗങ്ങളുള്ള ഒരു ഹൽഖയിലെ പ്രവർത്തകർക്ക് ഈ രീതിയിൽ പ്രവർത്തിച്ചാൽ 40 വ്യക്തിബന്ധങ്ങൾ ഉണ്ടാകും. ശരാശരി ഒരു പ്രവർത്തകന് ഒരാളെ നാലുവർഷം കൊണ്ട് ജമാഅത്തിനോട് അടുപ്പിക്കാൻ കഴിഞ്ഞാൽ ഒരു മീഖാത്തുകൊണ്ട് പത്ത് പുതിയ പ്രവർത്തകർ ജമാഅത്തിനുണ്ടായിത്തീരും, പുതിയൊരു ഹൽഖ തന്നെ തുടങ്ങാൻ കഴിയും. ഒരു മീഖാത്തുകൊണ്ട് ജമാഅത്തിന് ഒരു മടങ്ങ് വളരാൻ സാധിക്കും. ഇങ്ങനെയാണ് വ്യക്തിബന്ധങ്ങളെക്കുറിച്ച നയം അന്ന് മലപ്പുറം ജില്ലയിൽ രൂപീകരിച്ചത്.

**ദീനും രാഷ്ട്രവും തമ്മിൽ വേർപിരിക്കണമെന്ന വാദത്തിന് എതിരാണ് ശൈഖ് അൽഖാസിമി. 'ലാഫസ്ല ബൈനദ്ദീനി വസ്സിയാസ'(ദീനിനും രാഷ്ട്രീയത്തിനുമിടയിൽ വേർതിരിവില്ല) എന്ന തലക്കെട്ടിൽ അദ്ദേഹം രണ്ട് ലേഖനങ്ങൾ 'അൽ ഖലീജ്' അറബി പത്രത്തിൽ എഴുതിയിരുന്നു. അബുൽ ഹസൻ അലി നദ്‌വി 'അത്തഫ്സീറുസ്സിയാസീ ലിൽ ഇസ്‌ലാം' എന്ന കൃതി യു.എ.ഇയിൽ പ്രചരിപ്പിച്ച ശേഷമാണ് സുൽത്താൻ ഖാസിമി പ്രസ്തുത ലേഖനമെഴുതിയത്.**


ഡോ. മുഹമ്മദ് അൽഖാസിമി

മറ്റൊന്ന് സ്ക്വാഡ് പ്രവർത്തനങ്ങളായിരുന്നു. സ്ക്വാഡുകൾ മൂന്നു രീതിയിലുണ്ട്. പ്രബോധന-ദഅ്‌വത്ത്-സ്കോഡ്. രണ്ട്, പുസ്തക സ്ക്വാഡ്. മൂന്നാമത്തേത് തബ്‌ലീഗ് സ്ക്വാഡ്.

ഒരു പുസ്തകം തെരഞ്ഞെടുത്ത്, പ്രവർത്തകർ അത് വായിച്ച് പഠിക്കുക. അതുമായി സ്ക്വാഡു പോവുക. ആ പുസ്തകം ജനങ്ങൾക്ക് പരിചയപ്പെടുത്തുക, വായിപ്പിക്കുക. പുസ്തകത്തെ കുറിച്ചും രചയിതാവിനെക്കുറിച്ചും അതിലുള്ള ആശയങ്ങളെക്കുറിച്ചുമായിരിക്കും ഈ സ്ക്വാഡിൽ ചർച്ച നടക്കുക. ഒരു പാട് പുസ്തകങ്ങളുമായി സ്ക്വാഡു പോയാൽ വിലകുറഞ്ഞ ചെറിയ പുസ്തകങ്ങൾ വാങ്ങി ആളുകൾ നമ്മെ 'ഒഴിവാക്കും.' ചിലർക്കെങ്കിലും പുസ്തക കച്ചവടക്കാരാണെന്ന് തോന്നും. അങ്ങനെയല്ലാതെ, പുസ്തകം ചർച്ചയാകുന്നവിധം സാഹിത്യ സ്ക്വാഡ് നടത്തണമെന്ന് പ്രവർത്തകരെ പഠിപ്പിച്ചു.

മൂന്നുപേർ അടങ്ങുന്ന പ്രബോധന സ്ക്വാഡ്, വ്യക്തിബന്ധം സ്ഥാപിച്ച ആളുകളെ കണ്ട് സംസാരിക്കണം. ഓരോരുത്തരുടെയും വ്യക്തിബന്ധത്തിലുള്ള ആളുകളെക്കുറിച്ച് മൂന്നുപേരും പരസ്പരം പറയുകയും അറിയുകയും വേണം. മാത്രമല്ല, ഒന്നാമത്തെ പ്രവർത്തകന് വ്യക്തിബന്ധമുള്ളയാളോട് സംസാരിക്കേണ്ടത് രണ്ടാമത്തെ പ്രവർത്തകനാണ്; മറ്റുള്ളവർ തിരിച്ചും. അതിൽ കുറേ ഗുണങ്ങളുണ്ട്. വ്യക്തിബന്ധം എന്നുപറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, എവിടെയെങ്കിലുംവെച്ച് ആളുകളെ കാണുക, സംസാരിക്കുക, പുസ്തകങ്ങൾ കൊടുക്കുക, പരിപാടികൾക്കു ക്ഷണിക്കുക എന്നതല്ല. മറിച്ച് ഓരോ വ്യക്തിയെയും പഠിച്ചറിയലാണ്. പേര്, ജോലി, കുടുംബം, വീട്ടിലെ അവസ്ഥകൾ, മക്കൾ, സാമ്പത്തിക സ്ഥിതി, ആരോഗ്യം, സംഘടനാ ബന്ധം, രാഷ്ട്രീയ കാഴ്ചപ്പാട് തുടങ്ങി ഒരു മനുഷ്യന്റെ എല്ലാതരം പ്രശ്നങ്ങളും അറിയുകയും അയാളുടെ പ്രയാസങ്ങൾ പരിഹരിച്ചു കൊടുക്കുകയും ചെയ്യുന്നതാണ് വ്യക്തിബന്ധങ്ങൾ. ഇത് ഓരോ സത്യവിശ്വാസിയുടെയും ആദർശപരമായ ചുമതല കൂടിയാണ്. ഇങ്ങനെ ബന്ധങ്ങളുള്ള പ്രവർത്തകർക്ക് വിജയിക്കാൻ കഴിയും.

തബ്‌ലീഗ് സ്ക്വാഡുകൊണ്ട് ഉദ്ദേശിക്കുന്നത് ജമാഅത്തിന്റെ സന്ദേശം എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ സംഘടനയെ പരിചയപ്പെടുത്തലാണ്. ഒരു ഗ്രാമം തെരഞ്ഞെടുക്കുക. രാവിലെ മുതൽ വൈകുന്നേരം വരെ അവിടെ സ്ക്വാഡ് നടത്തുക. ആളുകളെ കണ്ട് സംസാരിക്കുക. വൈകുന്നേരം ഒരു ക്ലാസ് സംഘടിപ്പിച്ച് ആളുകളെ അതിലേക്ക് വിളിക്കുക. ക്ലാസെടുക്കുക, ചർച്ചകൾ നടത്തുക. അതോടെ അവിടെ ജമാഅത്തിന്റെ സന്ദേശം എത്തുകയും സംഘടന ചർച്ചാ വിഷയമാവുകയും ചെയ്യും.

## പ്രായോഗിക രീതികൾ

ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നിർദേശിക്കുക മാത്രമല്ല പ്രായോഗികമായി പ്രവർത്തകർക്ക് അത് പഠിപ്പിച്ചുകൊടുക്കാനും ശ്രമിച്ചു. ചില ഹൽഖകളിൽ നേരിട്ടുചെന്ന് പ്രവർത്തകരോടൊപ്പം സ്ക്വാഡിൽ പങ്കെടുത്തു. രാഷ്ട്രീയ നേതാവ്, അമുസ്‌ലിം സഹോദരൻ, സാധാരണ പണ്ഡിതൻ എന്നിങ്ങനെ മൂന്നു പേരെ തെരഞ്ഞെടുത്ത് പ്രവർത്തകരെയും കൂട്ടി അവരുടെ അടുത്ത് സ്ക്വാഡ് പോയി. വണ്ടൂർ, കോട്ടക്കൽ, ചേങ്ങോട്ടൂർ തുടങ്ങി പല സ്ഥലങ്ങളിലും ഇങ്ങനെ ഞാൻ സ്ക്വാഡ് നടത്തിയിട്ടുണ്ട്.

രണ്ടു മണിക്കൂറിൽ കൂടുതൽ ഒരു ഹൽഖായോഗം ദീർഘിപ്പിക്കരുതെന്ന് നിർദേശം കൊടുത്തു. രണ്ടു മണിക്കൂർകൊണ്ട് യോഗം തീരില്ല എന്ന് ചിലർ പറഞ്ഞു. അതെങ്ങനെയെന്ന് യോഗം നടത്തി കാണിച്ചുകൊടുത്തു. കൂട്ടിലങ്ങാടിയായിരുന്നു അന്ന് കേരളത്തിലെ ഏറ്റവും വലിയ ഹൽഖ. അവിടത്തെ യോഗത്തിൽ ഞാൻ പങ്കെടുത്തു. അരമണിക്കൂർ ഖുർആൻ ക്ലാസെടുത്തു. റിപ്പോർട്ട് വായിച്ച് അവലോകനം ചെയ്തു. പ്രവർത്തനങ്ങളെക്കുറിച്ചു കൂടിയാലോചിച്ചു. വ്യക്തിതല അന്വേഷണങ്ങൾ നടത്തി. അങ്ങനെ അജണ്ടയിലുള്ള എല്ലാ കാര്യങ്ങളും രണ്ടുമണിക്കൂറിനകം ഭംഗിയായി പൂർത്തീകരിച്ചു. ഇതുകണ്ടപ്പോൾ പ്രാദേശിക ജമാഅത്തിന്റെ അമീർ പറഞ്ഞു: 'കെ.ടി തന്നെ വരണം എല്ലാ വാരാന്തയോഗത്തിനും, എങ്കിലേ രണ്ടു മണിക്കൂർകൊണ്ട് തീരൂ, ഞങ്ങൾ യോഗം നടത്തിയാൽ പലതരം ചർച്ചകളും തർക്കങ്ങളുമൊക്കെ നടക്കും.' 'ജമാഅത്ത് ഹൽഖാ യോഗത്തിൽ അതിലെ അജണ്ടകൾ മാത്രം. മറ്റു ചർച്ചകളും വിഷയങ്ങളുമൊക്കെ മറ്റു സന്ദർഭത്തിലാണ് നടത്തേണ്ടത്. ഹൽഖാ യോഗങ്ങൾ അതിന്റെ ചൈതന്യവും അച്ചടക്കവും പാലിച്ചുകൊണ്ട് നടത്തണം' ഞാൻ വിശദീകരിച്ചു.

## ഗൃഹയോഗം-കുടുംബയോഗം


ഗൃഹയോഗവും കുടുംബയോഗവും ജില്ലയിൽ ആരംഭിച്ചു. കുടുംബയോഗം എന്നു പറഞ്ഞാൽ ജമാഅത്ത് പ്രവർത്തകരുടെ കുടുംബങ്ങൾ ഒത്തുചേരുന്ന പ്രസ്ഥാന സ്വഭാവത്തിലുള്ള യോഗമാണ്. കുടുംബാംഗങ്ങൾക്ക് സംഘടനാ വിദ്യാഭ്യാസം നൽകലാണതിന്റെ ലക്ഷ്യം. എല്ലാ പ്രവർത്തകരുടെയും കുടുംബാംഗങ്ങൾ മുഴുവനായും അതിൽ പങ്കെടുക്കണം. ഭാര്യയുടെയും മക്കളുടെയും പേരക്കുട്ടികളുടെയും ജമാഅത്ത് ബന്ധം ഊട്ടിയുറപ്പിക്കാൻ ഇതുവഴി സാധിക്കും. കുടുംബത്തിന്റെ ജമാഅത്ത്‌വൽക്കരണത്തിൽ ചിലരെങ്കിലും വിജയിക്കാതെ പോകുന്നത് ഇത്തരം സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കാത്തതിനാലാവണം. ഒരാൾ വീട്ടിൽ ചെന്ന് ജമാഅത്ത് പ്രവർത്തകനായ ഭർത്താവിനെക്കുറിച്ച് അദ്ദേഹത്തിന്റെ ഭാര്യയോട് അന്വേഷിച്ചാൽ ഏതോ യോഗത്തിന്/പരിപാടിക്ക് പോയി എന്നാണ് ഉത്തരം കിട്ടുക; മക്കളും തഥൈവ. കുടുംബത്തിന് സംഘ

ടനാ വിദ്യാഭ്യാസം നൽകാത്തതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്. മറിച്ച്, 'അദ്ദേഹം ജമാഅത്തിന്റെ വാരാന്തയോഗത്തിന് പോയതാണ്. അത് ഏഴുമണിക്ക് ആരംഭിച്ച് ഒമ്പതുമണിക്ക് അവസാനിക്കും' എന്നിങ്ങനെ ജമാഅത്ത് പ്രവർത്തകന്റെ പരിപാടികളെക്കുറിച്ച് കുടുംബാംഗങ്ങൾക്ക് കൃത്യമായി പറയാൻ കഴിയണം. മാത്രമല്ല ജമാഅത്തിന്റെ പോഷകഘടകങ്ങളിൽ ഭാര്യയും കുട്ടികളുമെല്ലാം പ്രവർത്തിക്കുകയും വേണം. ഇത്തരമൊരു അവസ്ഥയാണ് കുടുംബയോഗങ്ങളിലൂടെ ഉണ്ടാവുക.

എന്നാൽ ഗൃഹയോഗങ്ങൾക്ക് മറ്റൊരു തലമാണുള്ളത്. ജമാഅത്ത് പ്രവർത്തകന്റെയോ പ്രവർത്തകയുടെയോ വീട്ടിലെ അംഗങ്ങൾ ആ വീട്ടിൽതന്നെ ഒത്തുചേരുന്നതാണ് ഗൃഹയോഗം. അതിൽ ഖുർആൻ ക്ലാസ് എടുക്കുകയും സാഹിത്യ പാരായണം നടത്തുകയുമല്ല പ്രധാനം. വീട്, ഭക്ഷണം, വസ്ത്രം, പഠനം, സാമ്പത്തികാവസ്ഥ, ചെലവ്, അടുക്കളത്തോട്ടം, വിവാഹം, രോഗം, മറ്റു കുടുംബാംഗങ്ങളുമായുള്ള ബന്ധങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് അതിൽ ചർച്ച ചെയ്യേണ്ടത്. വീട്ടിനകത്ത്, കുടുംബകാര്യങ്ങളിൽതന്നെ ജനാധിപത്യ സ്വഭാവം ഉണ്ടാക്കാനും, പങ്കാളിത്ത സ്വഭാവം ഉറപ്പുവരുത്താനും അതുവഴി സാധിക്കും. അടുക്കളത്തോട്ടം നിർമിക്കുക, കുട്ടികളെക്കൊണ്ട് കൃഷി പരിശീലിപ്പിക്കുക തുടങ്ങിയവയൊക്കെ ഇതുവഴി നടപ്പിലാക്കാം.

കുട്ടികൾക്കിടയിൽ മത്സരബുദ്ധിയുണ്ടാകുന്ന രീതിയിലും സമ്പാദ്യശീലം വളരുന്ന വിധത്തിലുമാകണം ഇത് ചെയ്യേണ്ടത്. പ്രസ്ഥാന പ്രവർത്തകനായ ഗൃഹനാഥനുമായി വീട്ടിലെ അംഗങ്ങൾക്ക് സ്നേഹോഷ്മളമായ ബന്ധമാണ് ഉണ്ടാവേണ്ടത്. ഏകപക്ഷീയമായ സമീപനരീതികൾ ഒഴിവാക്കണം. വീട്ടുജോലികളിൽ കുടുംബിനികളെ സഹായിക്കണം. ചെറിയ വീഴ്ചകളുടെ പേരിൽ അവരെ ആക്ഷേപിക്കുന്നതിനു പകരം അവ പരിഹരിക്കുന്ന രീതിയിൽ പ്രായോഗികമായ ഇടപെടലുകൾ ഗൃഹനാഥൻ നടത്തണം. വീടിന്റെ ഇത്തരത്തിലുള്ള ഒരു തർബിയ്യത്താണ് ഗൃഹയോഗങ്ങളിലൂടെ ഉണ്ടാവേണ്ടത്.

കുടുംബയോഗങ്ങളും ഗൃഹയോഗങ്ങളും ഫലപ്രദമായി നടന്നാൽ പ്രസ്ഥാനത്തിന് അത് വലിയ മുതൽകൂട്ടാകുമെന്ന് മാത്രമല്ല പ്രവർത്തനരംഗത്ത് വലിയൊരു മുന്നേറ്റവും അതുവഴി സാധി



അബുൽ ഹസൻ
അലി നദ്‌വി

**പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നിർദേശിക്കുക മാത്രമല്ല പ്രായോഗികമായി പ്രവർത്തകർക്ക് അത് പഠിപ്പിച്ചു കൊടുക്കാനും ശ്രമിച്ചു. ചില ഹൽഖകളിൽ നേരിട്ടുചെന്ന് പ്രവർത്തകരോടൊപ്പം സ്ക്വാഡിൽ പങ്കെടുത്തു. രാഷ്ട്രീയ നേതാവ്, അമുസ്‌ലിം സഹോദരൻ, സാധാരണ പണ്ഡിതൻ എന്നിങ്ങനെ മൂന്നു പേരെ തെരഞ്ഞെടുത്ത് പ്രവർത്തകരെയും കൂട്ടി അവരുടെ അടുത്ത് സ്ക്വാഡ് പോയി. വണ്ടൂർ, കോട്ടക്കൽ, ചേങ്ങോട്ടൂർ തുടങ്ങി പല സ്ഥലങ്ങളിലും ഇങ്ങനെ ഞാൻ സ്ക്വാഡ് നടത്തിയിട്ടുണ്ട്.**

ക്കും. കുടുംബത്തിന്റെ ജമാഅത്ത്‌വത്കരണത്തിൽ നാം അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് വലിയൊരളവോളം പരിഹാരമുണ്ടാവുകയും ചെയ്യും. മലപ്പുറം ജില്ലയിൽ ഗൃഹയോഗങ്ങളും കുടുംബയോഗങ്ങളും വ്യവസ്ഥാപിതമായി തുടങ്ങിയതോടെ വലിയ മാറ്റമാണ് പ്രവർത്തകരിൽ ഉണ്ടായത്. ഇത്തരത്തിൽ അടിത്തട്ടിലുള്ള പ്രവർത്തനങ്ങൾ നാം കുറേക്കൂടി സജീവമായി നടത്തേണ്ടതുണ്ട്.

### മാസ് കോളേജ്

മലപ്പുറം മേഖലാ നാസിമായി പ്രവർത്തിച്ച കാലത്താണ് മലപ്പുറം കുന്നുമ്മൽ മാസ് കോളേജ് ആരംഭിച്ചത്. നമ്മൾ നടത്തിക്കൊണ്ടിരിക്കുന്ന മിക്ക കോളേജുകളിലും സൗജന്യമായാണ് കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നത്. എസ്.എസ്.എൽ.സിക്കു ശേഷം ആറു വർഷം ഒരു സ്ഥാപനത്തിൽ താമസിച്ച് പഠിച്ച് ഡിഗ്രി പൂർത്തിയാക്കുന്ന ഏതാനും കുട്ടികൾക്ക് വേണ്ടി ലക്ഷക്കണക്കിന് രൂപയാണ് നാം ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. അതിനനുസരിച്ചുള്ള ഫലം അതുകൊണ്ടുണ്ടാകുന്നുണ്ടോ എന്ന കാര്യം സംശയമാണ്.

ഇതേക്കുറിച്ച് ചിന്തിച്ചപ്പോഴാണ് മാസ് കോളേജ് എന്ന ആശയം ഉയർന്നുവന്നത്. ഡിഗ്രി വിദ്യാഭ്യാസത്തോടൊപ്പം ഇസ്‌ലാമിക വിഷയങ്ങളും കുട്ടികളെ പഠിപ്പിക്കുന്ന രീതിയിൽ പ്രത്യേകമായൊരു സിലബസ് ഉണ്ടാക്കി. ഫീസ് വാങ്ങി ഹോസ്റ്റൽ താമസം ഇല്ലാതെ കുട്ടികൾ വീട്ടിൽ പോയി വരുന്ന രീതി സ്വീകരിച്ചു. സാമ്പത്തിക ഭാരം ഇല്ലാതായി. മാത്രമല്ല, 'ഇസ്‌ലാമിയാ കോളേജ്' എന്ന സ്വഭാവം ഇല്ലാത്തതിനാൽ കൂടുതൽ കുട്ടികളെ കിട്ടുകയുംചെയ്തു. കുട്ടികളിൽനിന്ന് ഫീസ് വാങ്ങി, ഡിഗ്രി വിദ്യാഭ്യാസത്തോടൊപ്പം ഇസ്‌ലാമിക വിഷയങ്ങളും പഠിപ്പിക്കാൻ കഴിഞ്ഞത് വലിയ നേട്ടമായിരുന്നു. ധാരാളം കുട്ടികളും സമർഥരായ അധ്യാപകരും അന്ന് ഉണ്ടായിരുന്നു. കോഡൂർ ഹംസ മാസ്റ്ററായിരുന്നു പ്രിൻസിപ്പൽ. മലപ്പുറം പ്രാദേശിക ജമാഅത്തിനായിരുന്നു സ്ഥാപനത്തിന്റെ മേൽനോട്ടം. എ. അബു സാഹിബായിരുന്നു അന്ന് പ്രാദേശിക ജമാഅത്തിന്റെ അമീർ.

കോട്ടപ്പടി മസ്ജിദുൽ ഫത്ഹിലായിരുന്നു അക്കാലത്ത് ഞാൻ ഖുത്വ്ബ നടത്തിയിരുന്നത്. ധാരാളം ആളുകൾക്ക് പള്ളിയുമായും ജമാഅത്തുമായും ബന്ധമുണ്ടാക്കിയെടുക്കാൻ സാധിച്ചിരുന്നു. പല തലങ്ങളിലുള്ള ആളുകൾ ഖുത്വ്ബ കേൾക്കാൻ വരാറുണ്ടായിരുന്നു. ജനങ്ങൾ തിങ്ങിനിറഞ്ഞ് പള്ളിയിൽ സ്ഥലമില്ലാതെ വന്ന സന്ദർഭത്തിലാണ് മസ്ജിദുൽ ഫത്ഹിന്റെ മൂന്നാം നില നിർമിച്ചത്. മലപ്പുറത്തെ വ്യാപാരിയായ ഹസൻ ഹാജിയായിരുന്നു അതിന്റെ മുഴുവൻ ചെലവും വഹിച്ചത്. പള്ളിയിലെ മൈക്ക് സെറ്റ് വേണ്ടത്ര ക്ലിയറല്ലായിരുന്നു. 'എനിക്ക് ഖുത്വ്ബ കേൾക്കണം, മൈക്കിന്റെ കൂക്കിവിളി കേൾക്കാനല്ല പള്ളിയിൽ വരുന്നത്' എന്ന് പറഞ്ഞ് ഹസൻ ഹാജി തന്നെ പുതിയ മൈക്ക് സെറ്റ് പള്ളിക്കു വേണ്ടി വാങ്ങിത്തന്നു. മരിക്കുന്നതുവരെ സജീവമായി നമ്മോടൊപ്പമുണ്ടായിരുന്ന ഹസൻ ഹാജി ജമാഅത്ത് പ്രവർത്തകനായിരുന്നില്ല, പ്രസ്ഥാനത്തെ സ്നേഹിച്ച മഹാമനസ്കനായിരുന്നു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ.

മഞ്ചേരിയായിരുന്നു അക്കാലത്ത് ജമാഅത്തിന്റെ മലപ്പുറം ജില്ലാ ആസ്ഥാനം. ഏറനാട് താലൂക്കിന്റെ കേന്ദ്രവും ജില്ലാ കോടതിയും ജില്ലാ ഹോസ്പിറ്റലും മറ്റും ഉള്ള സ്ഥലമെന്ന നിലക്കായിരുന്നു

മഞ്ചേരി ആസ്ഥാനമാക്കിയത്. ഇപ്പോൾ മസ്ജിദുശ്ശാഫിഈ നിലകൊള്ളുന്ന സ്ഥലത്തായിരുന്നു അന്ന് ഓഫീസ്. പിന്നീടാണ് മലപ്പുറത്തേക്ക് ഓഫീസ് മാറിയത്.


### ഗൾഫ് മേഖലാ നാസിം

ഗൾഫ് രാജ്യങ്ങളിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ഒരു നാസിം ആവശ്യമാണെന്ന ചർച്ച വരികയും ഒരാളെ ഗൾഫ് മേഖലാ നാസിമായി അയക്കാൻ ജമാഅത്ത് കേരള ശൂറ തീരുമാനിക്കുകയും ചെയ്തു. അങ്ങനെയാണ് ഞാൻ വീണ്ടും ഗൾഫിലേക്ക് പോകുന്നത്. 1992 ഏപ്രിൽ മാസത്തിലായിരുന്നു അത്. യു.എ.ഇയിലും ഖത്തറിലുമാണ് അന്ന് പ്രവർത്തനങ്ങൾ സജീവമായി നടന്നിരുന്നത്. യു.എ.ഇയിലെ പ്രവർത്തകരിൽനിന്നാണ് നാസിം വേണമെന്ന ആവശ്യം പ്രധാനമായും ഉണ്ടായത്. കായംകുളം യൂനുസ് മൗലവി, നിലമേൽ അബ്ദുസ്സലാം മൗലവി, മാമാ എന്നു വിളിച്ചിരുന്ന അബ്ദുർറഹ്മാൻ തുടങ്ങിയവരായിരുന്നു യു.എ.ഇയിലെ ഐ.സി.സിയുടെ പ്രവർത്തനങ്ങൾക്ക് അക്കാലത്ത് നേതൃത്വം കൊടുത്തിരുന്നത്.

വിസ കിട്ടാൻ അൽപം പ്രയാസപ്പെട്ടു. പലതവണ ടിക്കറ്റ് ബുക്ക് ചെയ്യുകയും കാൻസൽ ചെയ്യുകയുമുണ്ടായി. കിട്ടിയ വിസയുടെ കാലാവധി തീരുന്നതിന്റെ തലേനാൾ യാത്ര തീരുമാനിച്ചു. ഞാൻ കോഴിക്കോട്ട് ഒരു യോഗത്തിന് പോയതായിരുന്നു. ധരിച്ചിരുന്ന വസ്ത്രം പോലും മാറാതെ അവിടെനിന്ന് തിരുവനന്തപുരത്തേക്ക് പോയി, അബൂദബിയിലേക്ക് വിമാനം കയറി.

യു.എ.ഇയിലെ പ്രവർത്തനങ്ങളുടെ പ്രധാന പങ്ക് ഐ.സി.സിക്കായിരുന്നു. ഐ.സി.സിയുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന പ്രതിസന്ധികൾ നല്ലരൂപത്തിൽ പരിഹരിക്കുകയാണ് ആദ്യം ചെയ്തത്. അങ്ങനെ ഐ.സി.സിയെ പൂർവ രൂപത്തിലേക്ക് തിരിച്ചുകൊണ്ടുപോവുകയും ബൈത്തുൽമാൽ വ്യവസ്ഥകളും മറ്റും കാര്യക്ഷമമാക്കുകയും ചെയ്തു. വ്യക്തികേന്ദ്രീകൃതമായ രീതികൾ അവസാനിപ്പിച്ചു. പ്രവർത്തകർക്ക് കൂടുതൽ ഊർജവും പുതിയൊരു ആവേശവും ലഭിച്ചു. പ്രവർത്തനങ്ങൾ സജീവമാവുകയും ചെയ്തു.

വിസിറ്റിംഗ് വിസയുടെ കാലാവധി തീർന്നതോടെ ഞാൻ നാട്ടിലേക്ക് തിരിച്ചുപോന്നു. പിന്നീട് അജ്മാനിലെ ഒരു സ്ഥാപനമായ ജംഇയ്യത്തുൽ ഇർഷാദിന്റെ പേരിൽ വിസയെടുത്തു. 'മുദർരിസ്' എന്ന പേരിലായിരുന്നു വിസ. അന്ന് അമീറായിരുന്ന പ്രഫ. കെ.എ സിദ്ദീഖ് ഹസൻ സാഹിബിന് ഒരു വിസിറ്റിംഗ് വിസയും ഉണ്ടായിരുന്നു. നേരത്തേ തീരുമാനിച്ചതനുസരിച്ചുള്ള സന്ദർശനമായിരുന്നു അമീറിന്റേത്. അങ്ങനെ ഞങ്ങൾ രണ്ടു പേരും 1992 നവംബറിൽ യു.എ.ഇയിലേക്ക് പോയി.


ഹസൻ ഹാജി

**കുടുംബയോഗങ്ങളും ഗൃഹയോഗങ്ങളും ഫലപ്രദമായി നടന്നാൽ പ്രസ്ഥാനത്തിന് അത് വലിയ മുതൽകൂട്ടാകുമെന്ന് മാത്രമല്ല പ്രവർത്തനരംഗത്ത് വലിയൊരു മുന്നേറ്റവും അതുവഴി സാധിക്കും. കുടുംബത്തിന്റെ ജമാഅത്ത്വത്കരണത്തിൽ നാം അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് വലിയൊരളവോളം പരിഹാരമുണ്ടാവുകയും ചെയ്യും. മലപ്പുറം ജില്ലയിൽ ഗൃഹയോഗങ്ങളും കുടുംബയോഗങ്ങളും വ്യവസ്ഥാപിതമായി തുടങ്ങിയതോടെ വലിയ മാറ്റമാണ് പ്രവർത്തകരിൽ ഉണ്ടായത്. ഇത്തരത്തിൽ അടിത്തട്ടിലുള്ള പ്രവർത്തനങ്ങൾ നാം കുറേക്കൂടി സജീവമായി നടത്തേണ്ടതുണ്ട്.**

1992 ഡിസംബറിൽ ബാബരിമസ്ജിദ് തകർക്കപ്പെട്ടു. തുടർന്ന് ജമാഅത്തിനെ ഗവൺമെന്റ് അന്യായമായി നിരോധിച്ചു. അപ്പോൾ ഞങ്ങൾ യു.എ.ഇയിലാണ്. അമീർ ഇപ്പോൾ നാട്ടിലേക്ക് തിരിച്ചുവരേണ്ടതില്ല എന്നായിരുന്നു കേരളത്തിൽനിന്ന് കിട്ടിയ നിർദേശം. അതനുസരിച്ച് യു.എ.ഇയിലെ പരിപാടികൾ കഴിഞ്ഞ് ഞങ്ങൾ കുവൈത്തിലേക്ക് പോയി. ഒരു മാസത്തോളം കുവൈത്തിൽ വിവിധ പരിപാടികളിൽ പങ്കെടുത്തു. പിന്നീട് ഒമാനിലെത്തി. അവിടത്തെ പരിപാടികൾക്കുശേഷം അമീർ സുഊദി അറേബ്യയിലേക്കു പോയി. ഞാൻ യു.എ.ഇയിലേക്ക് മടങ്ങി. കുവൈത്തിലെയും മസ്കത്തിലെയും പരിപാടികളിൽ എം.വി സലിം മൗലവിയും പങ്കെടുത്തിരുന്നു. ക്ലാസുകളും ചർച്ചകളുമൊക്കെ സജീവമായി നടക്കുകയും പ്രവർത്തകർ കർമോത്സുകരായിത്തീരുകയും ചെയ്ത കാലമായിരുന്നു അത്.

കുവൈത്തിൽ രണ്ടു പള്ളികൾ ഗവൺമെന്റ് മലയാളികൾക്ക് അനുവദിച്ചു തന്നിരുന്നു. ഒന്ന്, ഫഹാഹിൽ എന്ന സ്ഥലത്താണ്. പി.കെ ജമാൽ സാഹിബായിരുന്നു അവിടെ ഖുത്വ്ബ നടത്തിയിരുന്നത്. ടൗണിലായിരുന്നു മറ്റൊരു പള്ളി. രണ്ടിടങ്ങളിലും ഞാൻ ഖുത്വ്ബ നടത്തിയിരുന്നു. ഔഖാഫ് മന്ത്രാലയം അനുവദിച്ചുതന്നവയായിരുന്നു അവ. മലയാളികളായിരുന്നു ഈ പള്ളികളിൽ നമസ്കരിക്കാനെത്തുന്നവരിൽ ഭൂരിപക്ഷവും. ഷാർജയിലും ഇങ്ങനെ അനുവദിച്ചു കിട്ടിയ പള്ളിയുണ്ട്.

സംഘടനാ വ്യത്യാസമില്ലാതെ ധാരാളമാളുകളുമായി പരിചയപ്പെടാനും സംസാരിക്കാനും ഗൾഫ് മേഖലാ നാസിമായിരുന്ന കാലത്ത് സാധിച്ചിരുന്നു. കക്ഷിത്വങ്ങൾക്കതീതമായി ജനങ്ങളുമായി ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞതിനാൽ പലരുടെയും ജീവിതത്തെ ഗുണപരമായി സ്വാധീനിക്കാനും ദീനീബോധം വളർത്തിയെടുക്കാനും കഴിഞ്ഞിരുന്നു. മാത്രമല്ല, പല വിഭാഗക്കാരും ഗ്രൂപ്പുകളും മറ്റും സംഘടിപ്പിക്കുന്ന പരിപാടികളിലേക്ക് നമ്മെ ക്ഷണിക്കുകയും പ്രസംഗിപ്പിക്കുകയും ചെയ്തിരുന്നു. ജമാഅത്ത് പ്രവർത്തകരല്ലാത്ത ധാരാളം പേർ നാം സംഘടിപ്പിച്ചിരുന്ന ക്ലാസുകളിൽ സ്ഥിരമായി പങ്കെടുക്കാറുണ്ടായിരുന്നു. ഇത്തരം ക്ലാസുകൾവഴി വലിയൊരു അനുഭാവി വൃന്ദത്തെതന്നെ ഉണ്ടാക്കിയെടുക്കാൻ സാധിച്ചു. അവരുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലുമൊക്കെ അതിന് നല്ല സ്വാധീനമുണ്ടായിട്ടുണ്ട്. പലരും ഇപ്പോഴും ബന്ധപ്പെടുകയും സംസാരിക്കുകയും ചെയ്യാറുണ്ട്. യു.എ.ഇയിൽ ഐ.വൈ.എയും (ഇസ്‌ലാമിക് യൂത്ത് അസോസിയേഷൻ) സജീവമായി പ്രവർത്തിച്ചിരുന്നു.

### ഇഖ്‌വാന്റെ പ്രവർത്തനങ്ങൾ

അൽ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ പ്രവർത്തകരുമായി ബന്ധപ്പെടാനും അവരുടെ പ്രവർത്തനങ്ങൾ അടുത്തറിയാനും ഗൾഫിലെ ജീവിതകാലത്ത് സാധിച്ചിട്ടുണ്ട്. അവരുടെ പരിപാടികളിലേക്ക് നമ്മളിൽ ചിലരെയും വിളിക്കാറുണ്ടായിരുന്നു. തർബിയ്യത്തീ വശമാണ് ഇഖ്‌വാനിൽനി

ന്ന് നാം ഏറെ പഠിക്കേണ്ടത്. ഇസ്‌ലാമിനു വേണ്ടി എന്തും ത്യജിക്കാനും സഹിക്കാനുമുള്ള ത്യാഗസന്നദ്ധത ഇഖ്‌വാൻ പ്രവർത്തകരുടെ പ്രത്യേകതയാണ്. സാമ്പത്തിക പ്രയാസങ്ങളെയും ശാരീരിക പീഡനങ്ങളെയും അവർ ക്ഷമാപൂർവം മറികടക്കും. നല്ല സംസ്കരണമാണ് പ്രവർത്തകർക്ക് ഇഖ്‌വാൻ നൽകിക്കൊണ്ടിരുന്നത്. സമ്പന്നരായ ഇഖ്‌വാൻ പ്രവർത്തകരെ ഞാൻ കണ്ടിട്ടുണ്ട്. സമ്പന്നതയുടെ മോടി കാണിക്കാത്ത ലളിത ജീവിതമായിരുന്നു അവർ നയിച്ചിരുന്നത്. ജമാഅത്ത് പ്രവർത്തകർക്ക് ഇതിൽ വലിയ മാതൃകയുണ്ട്. ഇഖ്‌വാന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ പണം പ്രവർത്തകർ സ്വയം തന്നെ വിഹിതമിട്ടെടുക്കുകയായിരുന്നു പതിവ്. ഓരോ ഇഖ്‌വാനിയും സ്വന്തം വരുമാനത്തിന്റെ നിശ്ചിത ശതമാനം പ്രസ്ഥാനത്തിന് നൽകും. ഒരു പ്രത്യേക സംഖ്യയോ ശതമാനമോ നിശ്ചയിക്കുകയല്ല, എത്രയാണോ ആവശ്യം വരുന്നത് അത് പ്രവർത്തകർ തന്നെ വീതിച്ചെടുക്കുകയാണ് ചെയ്യുക. നമ്മൾ ഒരു ശതമാനം കൊടുക്കുന്നുവെന്ന് പറയുന്നത് അവർക്കൊരു വിഷയമേ അല്ല; കാരണം ഇഖ്‌വാൻ പ്രവർത്തകർ 8 ശതമാനവും 10 ശതമാനവും അതിലേറെയുമൊക്കെയാണ് കൊടുക്കുന്നത്. പെട്ടെന്ന് സംഘടനക്ക് ഒരാവശ്യം വന്നാൽ സ്വന്തം കാറും മറ്റും വിറ്റ് പണം നൽകാൻ ഇഖ്‌വാൻ പ്രവർത്തകർ സന്നദ്ധരായിരിക്കും.

ജനകീയ മനസ്സാണ് ഇഖ്‌വാൻ പ്രവർത്തകരുടെ മറ്റൊരു പ്രത്യേകത. സാധാരണക്കാരിലേക്ക് ഇറങ്ങിച്ചെല്ലാനും അവരുമൊത്ത് ജീവിച്ച് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ഇഖ്‌വാൻ പ്രവർത്തകർ സദാ ശ്രദ്ധിക്കുന്നു. ഇമാം ഹസനുൽ ബന്നാ ശഹീദിന്റെ അധ്യാപനങ്ങളിൽ പ്രധാനമാണിത്. ബന്നയുടെ പ്രവർത്തനങ്ങളിൽ കാർഷിക മേഖലക്ക് പ്രത്യേക സ്ഥാനം ഉണ്ടായിരുന്നു. സാധാരണക്കാരായ കർഷകരെയും അതുപോലുള്ളവരെയും ബന്ന ധാരാളമായി സമീപിച്ചിരുന്നു. ഈ രീതി പിൽക്കാലത്തും ഇഖ്‌വാൻ പ്രവർത്തകർ തുടർന്നു. സമ്പന്നരെയും മേൽത്തട്ടിലുള്ളവരെയും സമീപിക്കുന്നതിനല്ല ഇഖ്‌വാൻ ഊന്നൽ കൊടുത്തത്. അവരെ എളുപ്പത്തിൽ കിട്ടുകയില്ലെന്ന് ഇഖ്‌വാന് അറിയാം. അതുകൊണ്ടാണ് ഇഖ്‌വാൻ പ്രധാനമായും സാധാരണക്കാരെ ലക്ഷ്യം വെച്ചത്. മാത്രമല്ല, ഇത്തരം സാധാരണക്കാരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കാനും പരിഹരിക്കാനും ഇഖ്‌വാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തു. ഇഖ്‌വാനുൽ മുസ്‌ലിമൂൻ ജനകീയമാകുന്നതിൽ ഇതാണ് പ്രധാന പങ്കുവഹിച്ചത്. ഇന്ന് ഈജിപ്തിലെ ഏറ്റവും ശക്തമായ ജനകീയ പ്രസ്ഥാനമാണ് ഇഖ്‌വാൻ. പക്ഷേ, അമേരിക്കയുടെ പിന്തുണയോടെ ഈജിപ്ത് ഗവൺമെന്റ് അവരെ അടിച്ചമർത്തുകയാണ്. നിരോധിക്കപ്പെട്ടിട്ടുകൂടി തെരഞ്ഞെടുപ്പിൽ മത്സരിച്ച് എൺപതു സീറ്റുകൾ വരെ നേടാൻ ഇഖ്‌വാന് കഴിഞ്ഞിട്ടുണ്ട്. സ്വതന്ത്രമായ തെരഞ്ഞെടുപ്പ് ഈജിപ്തിൽ നടന്നാൽ മഹാഭൂരിപക്ഷത്തോടെ അധികാരത്തിൽ വരാൻ മാത്രം വേരുള്ള ജനകീയ പ്രസ്ഥാനമാണ് ഇഖ്‌വാൻ. മറ്റ് അറബ് രാജ്യങ്ങളിലും ഇഖ്‌വാന് വേരുണ്ട്.

അറബ് ലോകത്ത് രണ്ട് വിഭാഗം ജനങ്ങളുണ്ട്. ഒട്ടും ദീനീബോധമില്ലാത്ത ഭൗതികരും സുഖലോലുപരുമായ സമ്പന്നവിഭാഗമാണ് ഒന്ന്. ദീനീ ബോധമുള്ള, നല്ല ജീവിതം നയിക്കുന്ന, ദാനശീലരായ ആളുകളാണ് രണ്ടാമത്തെ വിഭാഗം. പക്ഷേ, രണ്ടാമത്തെ വിഭാഗത്തിന് സ്വാതന്ത്ര്യം വളരെ കുറവാണ്. ദുബൈയിൽ ഇരുനൂറിൽപരം പള്ളികളും ഇരുനൂറിൽപരം ബാർ ഹോട്ടലുകളുമുണ്ട്. ദുബൈയിൽ കിട്ടാത്തതൊന്നുമില്ല. സാധാരണക്കാരനായ ഒരു മലയാളിയോ മറ്റേതെങ്കിലും ദേശത്തുകാരനോ അവിടെയെത്തിയാൽ വഴിതെറ്റിപ്പോകാനുള്ള അവസരങ്ങൾ ധാരാളമുണ്ട്. അവിടത്തെ ചിലർ പറയുന്നതുതന്നെ, ഇവിടെ പള്ളിയുമുണ്ട് ബാറുമുണ്ട്. പള്ളിയിൽ പോകേണ്ടവർക്ക് പള്ളിയിൽ പോകാം; ബാറിൽ പോകേണ്ടവർക്ക് ബാറിലും പോകാം എന്നത്രെ.

### ഷാർജാ സുൽത്താൻ

എന്റെ അറിവിൽ ഷാർജയിലെ ശൈഖ് ഡോ. മുഹമ്മദ് അൽഖാസിമി നല്ല വ്യക്തിയും നല്ല ഭരണാധികാരിയുമാണ്. 1972 മുതൽ അദ്ദേഹമാണ് ഷാർജ ഭരിക്കുന്നത്. ഉന്നത വിദ്യാഭ്യാസമുള്ള ആളാണ് അദ്ദേഹം. കെയ്റോ യൂനിവേഴ്സിറ്റിയിൽനിന്ന് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗിൽ ബിരുദം(1971) നേടിയ സുൽത്താൻ ഖാസിമി പൊളിറ്റിക്കൽ ജിയോഗ്രഫി ഓഫ് ഗൾഫ്(Durham University, UK - 1999), ഹിസ്റ്ററി (Exeter University, UK - 1985) തുടങ്ങിയ വിഷയങ്ങളിൽ ഡോക്ടറേറ്റ് എടുത്തിട്ടുണ്ട്. ഇന്ത്യാ ചരിത്രവും അദ്ദേഹം പഠിച്ചിട്ടുണ്ട്. അതിനുവേണ്ടി അദ്ദേഹം ഇന്ത്യയിൽ വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്റ്റേറ്റിൽ മദ്യം നിരോധിച്ചിരിക്കുന്നു. ഇസ്‌ലാമിക മനസ്സുള്ള ഭരണാധികാരിയാണ് അദ്ദേഹം. മർഹൂം അബ്ദുല്ലാ അലി അൽ മഹ്മൂദായിരുന്നു അദ്ദേഹത്തിന്റെ ദീനീ ഉപദേഷ്ടാവ്.

ദീനും രാഷ്ട്രീയവും തമ്മിൽ വേർപിരിക്കണമെന്ന വാദത്തിന് എതിരാണ് അദ്ദേഹം. 'ലാ ഫസ്ല ബൈന ദ്ദീനി വസ്സിയാസ'(ദീനിനും രാഷ്ട്രീയത്തിനുമിടയിൽ വേർതിരിവില്ല) എന്ന തലക്കെട്ടിൽ അദ്ദേഹം രണ്ട് ലേഖനങ്ങൾ 'അൽ ഖലീജ്' അറബി പത്രത്തിൽ എഴുതിയിരുന്നു. അബുൽ ഹസൻ അലി നദ്‌വി 'അത്തഫ്സീറുസ്സിയാസീ ലിൽ ഇസ്‌ലാം' എന്ന കൃതി യു.എ.ഇയിൽ പ്രചരിപ്പിച്ച ശേഷമാണ് സുൽത്താൻ ഖാസിമി പ്രസ്തുത ലേഖനമെഴുതിയത്. നദ്‌വി സാഹിബുമായി ഖാസിമിക്ക് നല്ല ബന്ധമാണ് ഉണ്ടായിരുന്നത്. ദീനും രാഷ്ട്രീയവും തമ്മിലുള്ള ബന്ധം മുറിച്ചുകളയുന്നതിനോട് വിയോജിച്ചുകൊണ്ടാണ് അൽഖലീജിൽ ഖാസിമി രണ്ടു ലേഖനങ്ങളെഴുതിയത്. സുഡാൻകാരനായ ഒരു എഞ്ചിനീയറുണ്ടായിരുന്നു യു.എ.ഇ ഇലക്ട്രിസിറ്റി ബോർഡിൽ. നല്ല ഇസ്‌ലാമിക കാഴ്ചപ്പാടുള്ള അദ്ദേഹവുമായും ശൈഖിന് നല്ല ബന്ധമാണുണ്ടായിരുന്നത്. ശൈഖ് സുഡാൻ സന്ദർശിക്കുകയും ചെയ്തിരുന്നു.

അറബ് രാജ്യങ്ങളുടെ പരിമിതികളിൽ നിന്നുകൊണ്ട് പ്രവർത്തനങ്ങൾക്ക് സജീവതയും വ്യവസ്ഥാപിതത്വവും ഉണ്ടാക്കിയെടുക്കാനുള്ള ശ്രമം പരാജയപ്പെട്ടില്ല എന്നാണ് പിൽക്കാലത്തെ ഗൾഫ് മേഖലയിലെ പ്രവർത്തന പുരോഗതിയിൽനിന്ന് മനസിലാകുന്നത്. അഞ്ചുവർഷത്തിനുശേഷം 1996-ൽ മേഖലാ നാസിമെന്ന നിലക്കുള്ള പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് ഞാൻ നാട്ടിലേക്കു മടങ്ങി. ■

(തുടരും)

sadarvzkd@yahoo.co.in